വഴിവെളിച്ചം

# നല്ല വാക്ക് അല്ലെങ്കിൽ മൗനം

عن أبي هُرَيرة رَضي الله عَنه قَال : قَال رَسُول الله ﷺ مَنْ كان يُؤمِنُ بالله واليَوْمِ الآخِرِ فَلْيَقُل خيراً أوليصْمُتْ (مُتفق عَليه)

**അബൂഹുറയ്‌റ(റ)യിൽനിന്ന്: നബി(സ) അരുൾ ചെയ്തു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് സംസാരിക്കട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."**

**ഇതര** ജീവജാലങ്ങൾക്കില്ലാത്ത സ്വഭാവ വിശേഷമാണ്, മനുഷ്യന് ലഭിച്ച സംസാര ശേഷി. ഇത് ശ്രദ്ധാപൂർവം പ്രയോഗിക്കേണ്ട ഒന്നാണ്. വായിൽവരുന്നതെല്ലാം പറയുന്ന സ്വഭാവം ചിലർക്കുണ്ട്. എന്തും പറഞ്ഞുകൊണ്ടിരിക്കുമവർ. നല്ലത് പറയാനുണ്ടെങ്കിൽ മാത്രമേ വായ തുറക്കാവൂ. അല്ലെങ്കിൽ വായ പൂട്ടുന്നതാണ് ഉത്തമം. ഒരിക്കൽ വായിൽനിന്ന് നിർഗളിച്ച വാക്കുകൾ തിരിച്ചെടുക്കാനാവില്ല. 'കൈവിട്ട കല്ലും പറഞ്ഞ വാക്കും' മടക്കിയെടുക്കാനാവില്ല.

സംസാരിക്കുന്നതിന് മുമ്പ് വാക്കുകൾ തന്നത്താൻ വിലയിരുത്തണം. നല്ലതെന്നോ ചീത്തയെന്നോ ഭേദമില്ലാതെ നാവ് ചലിപ്പിക്കരുത്. "മൗനം വിദ്വാന് ഭൂഷണം" എന്നാണ് മഹദ്വചനം. അങ്ങനെയല്ലാതെ സംസാരിച്ചാൽ കുഴപ്പമാണ്.

കോമയും കുത്തുമില്ലാതെ നാക്ക് ചലിപ്പിക്കുന്നത് ചിലരുടെ ശീലമാണ്. പല പാപങ്ങളിലേക്കും മനുഷ്യനെ ചാടിക്കുമത്. പരദൂഷണം, ഏഷണി, കള്ളസാക്ഷ്യം, നുണ പറച്ചിൽ, അനീതി, അസഭ്യം തുടങ്ങിയ എഴുപത്തിരണ്ടോളം വിപത്തുകൾ അനിയന്ത്രിതമായ സംസാരം മൂലമുണ്ടാകുന്നതാണെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഹദീസിൽ പറയുന്നു: "ആളുകളെ ചിരിപ്പിക്കാൻ ഒരാൾ ചിലത് പറയും. തന്മൂലം ആകാശഭൂമിക്കിടയിൽ വലിച്ചെറിയപ്പെട്ടവനായി അയാൾ കറങ്ങും. ഇടറുന്ന പാദമല്ല, പിഴച്ച നാവാണ് ഏറെ ഉപദ്രവമുണ്ടാക്കുക" (ബൈഹഖി).

നബി(സ) അബൂദർറിനോട് പറഞ്ഞു: "മൗനം ഭജിക്കുക, പിശാചിനെ ഓടിക്കാൻ അതാണൊരു മാർഗം. ദീനിൽ (മതവിഷയത്തിൽ) അത് നിങ്ങൾക്കൊരു താങ്ങാവും" (അഹ്മദ്).

ധനവ്യയത്തിൽ മാത്രമല്ല,സംസാരത്തിലും മിതത്വംപാലിക്കാനാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. വാതോരാതെ എത്ര സമയം വേണമെങ്കിലും ചിലർ സംസാരിക്കും. ചോരുന്ന പാത്രത്തിന് തുല്യമാണത്. വ്യർഥ ഭാഷണങ്ങളിൽ മുഴുകി, മഹത്തായ ബാധ്യതകൾ മറന്ന് ആയുസ്സ് കളയുകയാണവർ.

ഒരാൾ ചോദിച്ചു: "ദൈവദൂതരേ, മുസ്‌ലിംകളിൽ ആരാണ് ശ്രേഷ്ഠൻ?" നബി(സ) പറഞ്ഞു: ''ആരുടെ കൈയിൽനിന്നും നാവിൽനിന്നും മുസ്‌ലിംകൾ സുരക്ഷിതമായിരിക്കുന്നുവോ അവൻ."

നല്ല വാക്ക്, സൗമ്യമായ സംസാരം ഇതാണ് ശ്രേഷ്ഠം. നല്ല ഭാഷണം പുണ്യകർമമാണ്. അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും അത് നേടിത്തരും. "നല്ല വാക്കുകൾ അല്ലാഹുവിലേക്ക് കയറിച്ചെല്ലുന്നതാണ്" എന്ന് ഖുർആൻ (35:10ൽ) പറയുന്നുണ്ട്. നല്ലത് സംസാരിക്കുമ്പോൾ നിങ്ങൾ ഒന്നും ചെലവാക്കേണ്ട. പക്ഷേ വിലയേറിയത് അത് നിങ്ങൾക്ക് സമ്മാനിക്കും.

ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു സംഭവം. ''ഒരിക്കൽ നബിയോട് ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഒരു സ്ത്രീയുണ്ട്. നമസ്കാരവും നോമ്പും മറ്റു പുണ്യകർമങ്ങളും നന്നായി നിർവഹിക്കും. പക്ഷേ അവൾക്കൊരു കുഴപ്പമുണ്ട്. വായാടിയാണ്. അയൽക്കാരെ നാവുകൊണ്ട് ഉപദ്രവിക്കും. പ്രവാചകരേ, എന്താണാസ്ത്രീയുടെ അന്ത്യപരിണാമം?" "നരകത്തിലാണവൾ"- പ്രവാചകൻ പറഞ്ഞു. അയാൾ വീണ്ടും ചോദിച്ചു: ''തിരുദൂതരേ, വേറൊരു സ്ത്രീയുണ്ട്. നമസ്കാരവും നോമ്പും പേരിന് മാത്രം! പാൽകട്ടി ദാനം ചെയ്യും. പക്ഷേ അവൾ അയൽവാസിയെ ഉപദ്രവിക്കുകയില്ല. എന്താണവളുടെ അന്ത്യതീർപ്പ്?" നബി(സ) പറഞ്ഞു: "സ്വർഗത്തിലാണവൾ" (അഹ്മദ്).

സംസാരം ഇതര കർമങ്ങളെപ്പോലെ മലക്കുകൾ രേഖപ്പെടുത്താതിരിക്കില്ല. അതിന്റെ പേരിൽ നാളെ വിചാരണയും നടക്കും. അതിനാൽ അല്ലാഹുവിനെ ഭയപ്പെടുന്നവർ നാവ് നിയന്ത്രിച്ചു ജീവിക്കണം. നല്ല വാക്ക് അല്ലെങ്കിൽ മൗനം ഇതാണ് സത്യവിശ്വാസിയുടെ സ്വഭാവം. ■

**അബ്ദുൽ ജബ്ബാർ കൂരാരി**